## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **നം.763** — **04.03.2020** -ൽ മറുപടിയ്ക്ക്

## കൊറ്റമ്പത്തൂരിലെ വനത്തിലുണ്ടായ കാട്ടുതീ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ദേശമംഗലം കൊറ്റമ്പത്തൂരിൽ വനത്തിലുണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടെ വനം വകുപ്പിലെ മൂന്ന് ജീവനക്കാർ വെന്ത് മരിച്ച സംഭവം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ദേശമംഗലം കൊറ്റമ്പത്തൂരിൽ HNL കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയ അക്കേഷ്യ തോട്ടത്തിലുണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടെ വനം വകുപ്പിലെ മൂന്ന് ജീവനക്കാർ വെന്ത് മരിച്ച സംഭവം സംബന്ധിച്ച് അന്വേഷണം നടത്തി വരുന്നു. ഇതുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി റെയ്ഞ്ചിലെ പൂങ്ങോട് സ്റ്റേഷനിൽ ഒ.ആർ - 4/2020 നമ്പറായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വടക്കാഞ്ചേരി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്കാണ് അന്വേഷണ ചുമതല. ടി കേസിന്റെ മേൽ നോട്ടം വഹിക്കുന്നത് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറാണ്. |
| (ബി) എങ്കിൽ തീ പിടിത്തത്തിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) അപകടം സംഭവിച്ച പ്രദേശം ഉൾക്കൊള്ളുന്ന വനഭൂമി ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതാണ്. അടിക്കാട് വെട്ടിതെളിയ്ക്കുന്ന പ്രവൃത്തി കമ്പനി ചെയ്യാതിരുന്നതാണ് ദുരന്തത്തിന് കാരണ മായത് എന്നാണ് പ്രാഥമിക നിഗമനം. കേസന്വേഷണം പുരോഗമിച്ചു വരുന്നു. |
| (സി) പ്രസ്തുത തീ പിടിത്തത്തിൽ എത്ര ഏക്കർ വനമാണ് കത്തി നശിച്ചത്; | (സി) HNL കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയ അക്കേഷ്യ തോട്ടത്തിൽ 58 ഹെക്ടർ പ്രദേശമാണ് കത്തി നശിച്ചത്. |
| (ഡി) കാട്ടുതീ അണയ്ക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ തുലോം പരിമിതമായതിനാലാണ് തീ പടർന്ന് പിടിച്ചതും മൂന്ന് പേർ മരണപ്പെടാൻ ഇടയായതെന്നതും | (ഡി) അപകടം സംഭവിച്ച പ്രദേശത്തെ അടിക്കാട് വെട്ടിതെളിയ്ക്കുന്ന പ്രവൃത്തിയും ഫയർലൈനുകൾ എടുക്കുന്നതും, ഫയർ പ്രൊട്ടക്ഷൻ വാച്ചർമാരെ നിയോഗിക്കുന്നതും അടക്കമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ HNL ചെയ്യാത്തതും പ്രതികൂല |

| | | |
|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; | കാലാവസ്ഥയുമാണ് മൂന്ന് പേർ മരണപ്പെടാൻ ഇടയാക്കിയത്. |
| (ഇ) | കൊറ്റമ്പത്തൂരിൽ അപകടത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായമാണ് വനം വകുപ്പ് നൽകിയത്; ഇത്തരം അപകടങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ വനമേഖലയോട് ചേർന്നുള്ള അഗ്നിശമന നിലയങ്ങളിൽ ആധുനിക ഉപകരണങ്ങൾ നൽകുവാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ ? | (ഇ) കേരള സർക്കാർ അനുവദിച്ച ഏഴര ലക്ഷം രൂപയും, വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ ഒരു ലക്ഷം രൂപയും ചേർത്ത് എട്ടര ലക്ഷം രൂപ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് അനുവദിച്ചു കഴിഞ്ഞു. വനമേഖലയോട് ചേർന്നുള്ള അഗ്നിശമന നിലയങ്ങളിൽ ആധുനിക ഉപകരണങ്ങൾ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

Praveen

സെക്ഷൻ ഓഫീസർ